മലയാള മനോരമ
04 January 2024

# സമുദ്രമത്സ്യ മേഖലയിലെ വികസനം; ദേശീയ ശിൽപശാല നാളെ

കൊച്ചി● സമുദ്രമത്സ്യ മേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുന്നതിനു നിതി ആയോഗിന്റെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരും തീര സംസ്ഥാനങ്ങളും കൈകോർക്കുന്നു. വിവിധ സംസ്ഥാനങ്ങൾ നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്യാനും സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കാനും ലക്ഷ്യമിട്ടുള്ള ദേശീയ ശിൽപശാല നാളെ 9.30ന് കൊച്ചിയിൽ നടക്കും. നിതി ആയോഗും സിഎംഎഫ്ആർഐയും സംസ്ഥാന ഫിഷറീസ് വകുപ്പും ചേർന്നാണു



ശിൽപശാല സംഘടിപ്പിക്കുന്നത്. സിഎംഎഫ്ആർഐയിൽ നടക്കുന്ന ശിൽപശാലയിൽ നിതി ആയോഗ് വൈസ്ചെയർമാൻ സുമൻ ബെറി, നിതി ആയോഗ് അംഗം പ്രഫ. രമേശ് ചന്ദ്, തീരദേശ സംസ്ഥാനങ്ങളിലെ ഫിഷറീസ് സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുക്കും. കേരളം, ബംഗാൾ, ഒഡീഷ, ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട് ആൻഡമാൻ-നിക്കോബാർ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുക്കും.